എം.എസ്.എ റസാഖ്

# രാത്രി നമസ്കാരം പതിവാക്കുക

عَنْ أَبِي أُمَامَةَ البَاهِلِي (ر) قَالَ : قَالَ رَسُولُ اللَّهِ صلى الله عليه وسلم "عَلَيْكُمْ بِقِيَامِ اللَّيْلِ فَإِنَّهُ دَأْبُ الصَّالِحِينَ قَبْلَكُمْ وَإِنَّ قِيَامَ اللَّيْلِ قُرْبَةٌ إِلَى اللَّهِ وَمَنْهَاةٌ عَنِ الإِثْمِ وَتَكْفِيرٌ لِلسَّيِّئَاتِ وَمَطْرَدَةٌ لِلدَّاءِ عَنِ الْجَسَدِ" (رواه الترمذي، صحيح الجامع للألباني الرقم 4079)

**അബു ഉമാമ (റ) നിവേദനം ചെയ്യുന്നു. അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: "നിങ്ങൾ രാത്രി നമസ്കാരം നിർവഹിച്ചുകൊണ്ടിരിക്കുക. അത് മുൻഗാമികളായ സജ്ജനങ്ങളുടെ രീതിയാണ്. അത് അല്ലാഹുവിന്റെ സാമീപ്യം നേടിത്തരുന്നു. തിന്മയെ തടുക്കുന്നു. പാപങ്ങൾക്കത് പ്രായശ്ചിത്തമാകുന്നു. രോഗങ്ങളിൽനിന്ന് ശരീരത്തെ രക്ഷിക്കുകയും ചെയ്യുന്നു" (തിർമിദി, അൽബാനി സ്വഹീഹുൽ ജാമിഇൽ ഉദ്ധരിച്ചത്).**

രാത്രി നമസ്കാരത്തിന്റെ പ്രാധാന്യവും അത് നേടിത്തരുന്ന ആത്മീയവും ഭൗതികവുമായ ഫലങ്ങളും വിശദീകരിക്കുകയാണ് ഈ നബിവചനത്തിൽ.

രാത്രി നമസ്കാരം (ഖിയാമുല്ലൈൽ) വിശ്വാസികൾക്ക് ഐഛിക കർമമാണ്. രാത്രി നമസ്കാരം പതിവായി ചെയ്യുന്നത് ആത്മീയോൽക്കർഷത്തിനും ഇഹപരവിജയത്തിനും കാരണമായിത്തീരുന്നു. രാത്രിയുടെ ശാന്തതയിൽ അല്ലാഹുവിൽ ലയിച്ചുചേർന്ന് അവനോട് ഇഹപര സൗഭാഗ്യങ്ങൾക്കു വേണ്ടി പ്രാർഥിക്കാനുള്ള സുവർണാവസരമാണത്. അല്ലാഹുവിൽ മനസ്സ് കേന്ദ്രീകരിച്ചുനിർത്താൻ രാത്രി നമസ്കാരം സഹായിക്കുന്നു. കരുണാമയനായ അല്ലാഹുവിന്റെ യഥാർഥ ദാസന്മാരുടെ ലക്ഷണം അവർ തങ്ങളുടെ റബ്ബിന്റെ സമക്ഷത്തിൽ പ്രണാമം ചെയ്യുന്നവരായും നിൽക്കുന്നവരായും രാത്രി കഴിച്ചുകൂട്ടുന്നവരാകുന്നു എന്നതാണ്. ഹസൻ ബസ്വരി (റ) പറയുന്നു: ''രാത്രി നമസ്കരിക്കുന്നവൻ റഹ്മാനായ അല്ലാഹുവുമായി ഏകാന്തതയിലാവുകയാണ് ചെയ്യുന്നത്. അങ്ങനെ അല്ലാഹു അവനെ തന്റെ പ്രകാശത്താൽ ആവരണം ചെയ്യും.'' ഖിയാമുല്ലൈലിലൂടെ അല്ലാഹുവുമായുള്ള രഹസ്യ സംഭാഷണത്തിന്റെ മധുരിമ ആസ്വദിക്കുകയാണ് ചെയ്യുന്നത്.

പകലിലെ തിരക്കുപിടിച്ച ജീവിതയാത്രയിൽനിന്ന് വിമുക്തി നേടി വിശ്വാസിക്ക് രാത്രി കുറച്ച് സമയം തന്റെ നാഥനുമായി സംവദിക്കാൻ കഴിയേണ്ടതുണ്ട്. അതവന്റെ തുടർ ജീവിത വിജയത്തിന് നിദാനമാകുന്നു. ജ്ഞാനികളും ജ്ഞാനമില്ലാത്തവരും സമന്മാർ ആകാത്തതുപോലെ, രാത്രി സമയങ്ങളിൽ സാഷ്ടാംഗം പ്രണമിച്ചുകൊണ്ടും നിന്നുകൊണ്ടും അല്ലാഹുവിനോട് വണക്കവും വിനയവും കാണിക്കുന്നവൻ അങ്ങനെ പ്രവർത്തിക്കാത്തവനെ പോലെ ആവുകയില്ലെന്ന് ഖുർആൻ ഉണർത്തുന്നു (*അസ്സുമർ* 9). അതുകൊണ്ടാണ് നബി (സ) പറഞ്ഞത്; നിർബന്ധ നമസ്കാരത്തിനു ശേഷം നമസ്കാരങ്ങളിൽ വെച്ചേറ്റവും ശ്രേഷ്ഠം രാത്രി നമസ്കാരമാണെന്ന് (മുസ്‌ലിം). ഖുർആന്റെ ആശയം ഉൾക്കൊണ്ടുകൊണ്ടും ചിന്തിച്ചുകൊണ്ടും സാവകാശത്തിൽ പാരായണം ചെയ്യാൻ കഴിയുന്നത് രാത്രി നമസ്കാരത്തിലാണ്. പ്രവാചക ചര്യ അപ്രകാരമായിരുന്നു. ഒരിക്കൽ നബി (സ) സ്വർഗത്തെക്കുറിച്ച സൂക്തങ്ങൾ പാരായണം ചെയ്യവെ സ്വർഗത്തിലെ ഫലങ്ങൾ പറിച്ചെടുക്കുന്ന പോലെ അവിടുന്ന് കരങ്ങൾ നീട്ടുകയുണ്ടായി.

രാത്രി നമസ്കാരം വിശ്വാസികളുടെ ജീവിതചര്യയായി മാറണമെങ്കിൽ അത് അവരുടെ വികാരമായി മാറണം. രാത്രി ദീർഘമായി നിന്ന് നമസ്കരിക്കുന്ന പ്രവാചകനോട് ഖദീജ (റ) ഒരിക്കൽ ചോദിച്ചു: 'പ്രവാചകരേ, ശരീരത്തിന് അൽപം ആശ്വാസം ലഭിക്കാൻ രാത്രി കുറച്ച് ഉറങ്ങിക്കൂടേ!' അവിടുന്ന് പ്രതിവചിച്ചത്; 'ഖദീജാ, ഉറങ്ങാനുള്ള സമയം കഴിഞ്ഞിരിക്കുന്നു' എന്നാണ്. ഭയത്തോടും പ്രത്യാശയത്തോടും കൂടി തങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കാനായി, കിടന്നുറങ്ങുന്ന സ്ഥലങ്ങൾ വിട്ട് അവരുടെ (വിശ്വാസികളുടെ) പാർശ്വങ്ങൾ അകലുന്നതാണെന്ന് വിശുദ്ധ ഖുർആൻ വിശ്വാസികളെ വർണിക്കുന്നു (*അസ്സജദ* 16). രാത്രിയിൽനിന്ന് അൽപഭാഗമേ മുത്തഖികളായവർ ഉറങ്ങാറുണ്ടായിരുന്നുള്ളൂ. നബി (സ) അരുളി: ''അനുഗ്രഹങ്ങളുടയവനും ഉന്നതനുമായ അല്ലാഹു എല്ലാ രാത്രിയിലും അതിന്റെ ഒടുവിലത്തെ മൂന്നിലൊരു ഭാഗം ശേഷിക്കുന്ന സമയത്ത് സമീപ വാനത്തേക്ക് ഇറങ്ങിവരുന്നു. എന്നിട്ടവൻ ചോദിക്കും, എന്നെ വിളിച്ച് പ്രാർഥിക്കാനാരുണ്ട്? ഞാനവന് ഉത്തരം നൽകാം. എന്നോട് ചോദിക്കാനാരുണ്ട്? ഞാനവന് നൽകാം. എന്നോട് പാപമോചനം അർഥിക്കാനാരുണ്ട്? ഞാനവന് പൊറുത്തുകൊടുക്കാം'' (മുസ്‌ലിം).

മറ്റൊരു നബിവചനം: ''രാത്രി ഒരു പ്രത്യേക സമയമുണ്ട്. മുസ്‌ലിമായ ഒരാൾ അല്ലാഹുവോട് ഇഹപര കാര്യങ്ങളിൽ നന്മ ചോദിച്ചുകൊണ്ടിരിക്കുന്നത് ആ സമയവുമായി ഒത്തുവന്നാൽ അല്ലാഹു അവനത് നൽകാതിരിക്കുകയില്ല. എല്ലാ രാത്രിയിലും ഇങ്ങനെ തന്നെയാണ്'' (മുസ്‌ലിം).

നബി (സ) മകൾ ഫാത്വിമ(റ)യുടെയും അലി(റ)യുടെയും വീട്ടിൽ ഒരു ദിവസം രാത്രി ചെന്ന് ചോദിച്ചു; 'നിങ്ങൾ രണ്ടുപേരും നമസ്കരിക്കുന്നില്ലേ?' (മുസ്‌ലിം). റസൂൽ (സ) അബ്ദുല്ലാഹിബ്നു അംരിബ്നുൽ ആസിനോട് പറഞ്ഞു: 'അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട നമസ്കാരം ദാവൂദ് നബിയുടെ നമസ്കാരമാണ്. അല്ലാഹുവിന് ഏറെ ഇഷ്ടപ്പെട്ട നോമ്പും അദ്ദേഹത്തിന്റേതുതന്നെ. അദ്ദേഹം രാവിന്റെ പകുതി ഭാഗം ഉറങ്ങുകയും മൂന്നിൽ ഒരു ഭാഗം നമസ്കരിക്കുകയും വീണ്ടും ആറിലൊരു ഭാഗം ഉറങ്ങുകയും

ചെയ്യും. ഒരു ദിവസം നോമ്പനുഷ്ഠിക്കുകയും അടുത്ത ദിവസം നോമ്പനുഷ്ഠിക്കാതിരിക്കുകയും ചെയ്യും'' (മുസ്‌ലിം). സുന്നത്തായ നോമ്പാണിവിടെ വിവക്ഷ. രാത്രിയിൽ ഉണർന്ന് വുദൂ എടുത്ത് നമസ്കരിക്കുകയാണെങ്കിൽ അവന് ഉന്മേഷഭരിതനും മനഃസംതൃപ്തിയുള്ളവനുമായി പ്രഭാതത്തിലേക്ക് പ്രവേശിക്കാൻ കഴിയും. മറിച്ചാണെങ്കിൽ അവൻ ഉന്മേഷരഹിതനും മടിയനുമായിട്ടാണ് പ്രഭാതത്തിലേക്ക് കടക്കുന്നതെന്ന് നബി (സ) പറയുകയുണ്ടായി.

രാത്രി നമസ്കാരം ജീവിത ശൈലിയും പതിവുമായി മാറണം. നബി (സ) അബ്ദുല്ലാഹിബ്നു അംരിബ്നു ആസ്വിനോട് പറഞ്ഞു: ''അബ്ദുല്ലാ, നീ ഇന്നയാളെ പോലെ ആകരുത്! അയാൾ രാത്രി എഴുന്നേറ്റ് നമസ്കരിക്കാറുണ്ടായിരുന്നു. പിന്നീട് രാത്രിയിലെ നമസ്കാരം ഉപേക്ഷിച്ചു'' (മുസ്‌ലിം). നേരം പുലരുവോളം ഉറങ്ങാറുള്ള ഒരു വ്യക്തിയെക്കുറിച്ച് നബി(സ)യോട് പറഞ്ഞപ്പോൾ അവിടുന്ന് പ്രതിവചിച്ചു: ''അവന്റെ ഇരു ചെവികളിലും പിശാച് മൂത്രമൊഴിച്ചിരിക്കുന്നു'' (ബുഖാരി, മുസ്‌ലിം). രാത്രി നമസ്കാരം സ്വർഗപ്രവേശത്തിനു കാരണമാകുന്നു. നബി (സ) പറയുന്നു: ''ജനങ്ങളേ, നിങ്ങൾ സലാം വ്യാപിപ്പിക്കുകയും പാവങ്ങൾക്ക് ആഹാരം നൽകുകയും ജനങ്ങൾ നിദ്രയിലാണ്ടു കഴിയുന്ന സമയം നമസ്കരിക്കുകയും ചെയ്യുക. എങ്കിൽ നിർഭയരായി സ്വർഗത്തിൽ പ്രവേശിക്കാൻ കഴിയും'' (തിർമിദി).

രാത്രി നമസ്കാരത്തിനായി ഭാര്യാഭർത്താക്കന്മാർ പരസ്പരം വിളിച്ചുണർത്തേണ്ടതാണെന്നും ഹദീസുകൾ പഠിപ്പിക്കുന്നു. പ്രവാചകൻ (സ) പറഞ്ഞു: ''രാത്രിയിൽ സഹധർമിണിയെ വിളിച്ചുണർത്തി അവരിരുവരും ഒറ്റക്കോ ജമാഅത്തായിട്ടോ രണ്ട് റക്അത്ത് നമസ്കരിക്കുന്നുവെങ്കിൽ അല്ലാഹുവിനെ സ്മരിക്കുന്നവരായി അവരെപ്പറ്റി രേഖപ്പെടുത്തുന്നതായിരിക്കും'' (അബൂദാവൂദ്). മറ്റൊരിക്കൽ നബി (സ) ഉണർത്തി: ''രാത്രിയിൽ എഴുന്നേറ്റ് നമസ്കരിച്ചവനെയും ഭാര്യയെ വിളിച്ചുണർത്തി, അവൾ എഴുന്നേൽക്കാതിരുന്നപ്പോൾ മുഖത്ത് വെള്ളം കുടഞ്ഞ് എഴുന്നേൽപിച്ചവനെയും അല്ലാഹു അനുഗ്രഹിക്കട്ടെ. അപ്രകാരം, രാത്രി എഴുന്നേറ്റ് നമസ്കരിക്കുകയും ഭർത്താവിനെ വിളിച്ചുണർത്തി, അയാൾ എഴുന്നേൽക്കാൻ വിസമ്മതിച്ചാൽ മുഖത്ത് വെള്ളം കുടഞ്ഞ് എഴുന്നേൽപിക്കുകയും ചെയ്തവളെയും അല്ലാഹു അനുഗ്രഹിക്കട്ടെ'' (അബൂദാവൂദ്).

രാത്രി നമസ്കാരം നിർവഹിക്കുന്നതിൽ സ്വഹാബിമാർ വെച്ചുപുലർത്തിയ നിഷ്കർഷ അത്ഭുതകരമാണ്. ഒരു യുദ്ധവേളയിൽ അബ്ബാദുബ്നു ബശർ (റ) മുസ്‌ലിം സൈന്യത്തിന്റെ കാവൽക്കാരനായിരുന്നു. രാത്രി നമസ്കരിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ നേരെ ശത്രുക്കൾ അമ്പെയ്തു. അതദ്ദേഹത്തിന്റെ ഒരു തോളിൽ പതിച്ചു. അമ്പ് വലിച്ചൂരിയ ശേഷം അദ്ദേഹം നമസ്കാരത്തിൽ തുടർന്നു. മുറിവോ വേദനയോ രക്തമോ അദ്ദേഹത്തിനു പ്രശ്നമായില്ല. അത്രമാത്രം നമസ്കാരത്തിൽ ലയിച്ചിരുന്നു. തുടർന്ന് രണ്ടു തവണ കൂടി ശത്രുക്കൾ അബ്ബാദിനു നേരെ അമ്പുകൾ എയ്തു. അതും അതേ തോളിൽ കൊള്ളുകയുണ്ടായി. എന്നിട്ടും അദ്ദേഹം നമസ്കാരം തുടർന്നുകൊണ്ടേയിരുന്നു. റുകൂഉം സുജൂദും ചെയ്തു സലാം വീട്ടി. തുടർന്ന് കാവൽ നിൽക്കാനുള്ള അടുത്ത ഊഴക്കാരനായ സ്വഹാബിയെ വിളിച്ചുണർത്തി പാറാവിനു ഏൽപിച്ച ശേഷമാണ് തന്റെ ജോലിയിൽനിന്ന് വിരമിച്ചത്. കൂട്ടുകാരൻ ചോദിച്ചു; 'ആദ്യ അമ്പ് ഏറ്റ സമയം എന്തുകൊണ്ട് എന്നെ വിളിച്ചുണർത്തിയില്ല?' അബ്ബാദ് പറഞ്ഞു: 'ഞാൻ വിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊണ്ട് നമസ്കരിക്കുകയായിരുന്നു. അതിന് വിഘ്നം സംഭവിക്കുന്നത് ഞാൻ ഇഷ്ടപ്പെട്ടില്ല. എന്റെ റൂഹ് പോകുന്നതിനേക്കാൾ ഞാൻ ഏറെ ഇഷ്ടപ്പെട്ടത് രണ്ട് റക്അത്ത് പൂർത്തീകരിക്കുന്നതായിരുന്നു!'

ഉമറി(റ)ന്റെ കണ്ണിനു താഴെ കറുത്ത രണ്ട് പാടുകൾ പ്രത്യക്ഷപ്പെടുകയുണ്ടായി. രാത്രിയിൽ നിന്ന് കരഞ്ഞ് നമസ്കരിച്ചതിന്റെ ഫലമായി കണ്ണുനീർ ഒഴുകി സംഭവിച്ചതാണത്. അദ്ദേഹം രാത്രി നമസ്കരിക്കുകയും കുടുംബത്തെ വിളിച്ചുണർത്തിയ ശേഷം 'സ്വകുടുംബത്തോട് നമസ്കരിക്കാൻ നിർദേശിക്കുകയും സ്വയം അതിൽ സ്ഥിരനിഷ്ഠനാവുകയും ചെയ്യുക' എന്ന സൂറത്ത് *ത്വാഹാ*യിലെ സൂക്തം കേൾപ്പിക്കുകയും ചെയ്യുമായിരുന്നു. അനസുബ്നു മാലിക് (റ) രാത്രിയെ മൂന്നായി ഭാഗിക്കുകയും ആദ്യ സമയം രാത്രി നമസ്കരിക്കുകയും രണ്ടാം ഭാഗത്ത് ഭാര്യയെ വിളിച്ചുണർത്തി നമസ്കരിപ്പിക്കുകയും മൂന്നാം ഭാഗത്ത് ഭാര്യ അവരുടെ ഏക മകളെ വിളിച്ചുണർത്തി നമസ്കരിപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ മരണപ്പെട്ടതോടെ രാത്രി സമയം രണ്ടായി ഭാഗിച്ച് ആദ്യ പകുതി അദ്ദേഹവും രണ്ടാം പകുതി മകളും രാത്രി നമസ്കരിച്ചു. അനസ് (റ) മരണപ്പെട്ട ശേഷം മകൾ രാത്രി മുഴുവൻ നിന്ന് നമസ്കരിക്കുന്നത് പതിവാക്കുകയുണ്ടായി.

ഹസനുബ്നു അലി (റ) പറഞ്ഞു: ''രാത്രി നിന്ന് നമസ്കരിക്കാനും പകലിൽ നോമ്പനുഷ്ഠിക്കാനും കഴിയാത്തവർ നിർഭാഗ്യവാനാണ്. അവന്റെ പാപങ്ങളുടെ ആധിക്യം അവനെയതിൽനിന്ന് തടഞ്ഞിരിക്കുന്നു!'' ഉമർ (റ) പറയുന്നു: ''ഈ ലോകത്തെ ആസ്വാദനങ്ങൾ മൂന്നാകുന്നു. രാത്രി നമസ്കാരം, സഹോദരങ്ങളെ കണ്ടുമുട്ടൽ, സംഘടിത നമസ്കാരം എന്നിവയാണവ.'' ഫുദൈലുബ്നു ഇയാദ് (റ) സൂര്യൻ അസ്തമിച്ച് ഇരുട്ട് സമാഗതമായാൽ സന്തോഷിക്കുമായിരുന്നു. ജനം ഉറങ്ങാനും തനിക്ക് അല്ലാഹുവുമായി സന്ധിക്കാനും അദ്ദേഹം കൊതിച്ചു. ഇബ്നുൽ ഖയ്യിം (റ) പറയുന്നു: ''നാലു കാര്യങ്ങൾ ഉപജീവനം (രിസ്ഖ്) കൊണ്ടുതരും. രാത്രി നമസ്കാരവും രാത്രിയിലെ പാപമോചനാർഥനയും, ദാനധർമം ചെയ്യുന്നതിലെ ശുഷ്കാന്തിയും പ്രഭാതത്തിലെയും പ്രദോഷത്തിലെയും ദൈവസ്മരണയുമാകുന്നു അവ.'' ശരീരത്തിന്റെ ആരോഗ്യം നിലനിർത്താനും ഈമാൻ നിലനിർത്താനും രാത്രി നമസ്കാരം ഉപകരിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി.

രാത്രിയിൽ ഉറങ്ങിയ ശേഷം എണീറ്റ് അല്ലാഹുവോട് ഇഹപര നന്മകൾ ചോദിച്ചാൽ അല്ലാഹു അവന്നത് നൽകാതിരിക്കില്ലെന്നും പ്രവാചക വചനത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാം. ബൈഹഖി റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീസിൽ വന്നിരിക്കുന്നു. പ്രവാചകൻ പറഞ്ഞു: ''എന്റെ ഉമ്മത്തിലെ ശ്രേഷ്ഠരായവർ ഖുർആൻ വഹിക്കുന്നവരും രാത്രി നമസ്കാരം നിർവഹിക്കുന്നവരുമാണ്.'' രാത്രി നമസ്കരിക്കുന്നവന്റെ മുഖം അല്ലാഹു പ്രകാശപൂരിതമാക്കുമെന്ന് സഈദുബ്നു മുസയ്യബ് (റ) പറയുകയുണ്ടായി. രാത്രി നമസ്കാരം ദീർഘമായി നമസ്കരിക്കുന്നവന് അന്ത്യദിനത്തിലെ നിർത്തം ലഘുവാക്കി കൊടുക്കുമെന്ന് ഇമാം ഔസാഈ പറയുന്നു. രാത്രി നമസ്കാരം ജീവിത ശൈലിയായി മാറ്റിയെടുക്കാൻ സഹായകമാകുന്നു റമദാൻ മാസം.